## <u>15 -ാം കേരള നിയമസഭ</u>

## <u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2231</u> <u>21-06-2024 - ൽ മറുപടിയ്ക്ക്</u>

## <u>മാവേലിക്കര ഗവ. ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം.</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മാവേലിക്കര ഗവ. ആയുർവേദ ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലത്തെ മണ്ണ് പരിശോധനയ്ക്കായി 2,18,200/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകി ടെണ്ടർ നിജപ്പെടുത്തിയ കോൺട്രാക്ടറുമായി എഗ്രിമെന്റ് വെച്ചിരുന്നു. എന്നാൽ ഹരിപ്പാട് പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയാൽ മാത്രമേ മണ്ണ് പരിശോധന നടത്താൻ സാധിക്കുകയുള്ളൂവെന്നും. സാങ്കേതികാനുമതിയ്ക്കായി സൈറ്റ് ക്ലിയർ ചെയ്ത് നൽകണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം ഷിഫ്റ്റ് ചെയ്യുന്നതിനും, സൈറ്റ് ക്ലിയർ ചെയ്യുന്നതിനും മാവേലിക്കര മുനിസിപ്പാലിറ്റിയ്ക്ക് കത്ത് നൽകിയിരിക്കുകയാണ്. <u>**2023 - 24 സാമ്പത്തിക വർഷം വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (പ്രവർത്തികളുടെ വിശദവിവരങ്ങൾ) വാല്യം II ൽ (ഭരണാനുമതി ഇല്ലാത്ത പ്രവർത്തികൾ) പേജ് 174ൽ സീരിയൽ നമ്പർ 2667 ൽ മാവേലിക്കര മണ്ഡലത്തിൽ വിവിധ ആയുർവേദ ആശുപത്രികളുടെ നവീകരണത്തിനായി അടങ്കൽ തുകയായ 200 ലക്ഷം രൂപയിൽ ടോക്കൺ പ്രൊവിഷൻ ആയി 40 ലക്ഷം രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ**</u> മാവേലിക്കര ഗവ. ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 550.755 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുന്നതിനായി |

| | | | |
|---|---|---|---|
| | | | ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | കെട്ടിട നിർമ്മാണത്തിന് മണ്ണ് പരിശോധനയ്ക്കുള്ള സാങ്കേതികാനുമതി ലഭിക്കുന്നതിന് സൈറ്റ് ക്ലിയർ ചെയ്ത് ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമായ ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കെട്ടിട നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി സ്ഥലം അനുവദിച്ചു നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും പ്രസ്തുത സ്ഥലത്ത് നിർമ്മാണം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുള്ള (കാളചന്ത) അനുയോജ്യമായ 25 സെന്റ് സ്ഥലം കണ്ടെത്തി നല്കുന്നതിന് മാവേലിക്കര നഗരസഭാ കൗൺസിലിന്റെ 12.09.2023 ലെ 8-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ തുടർ നടപടികൾ സർക്കാർ പരിശോധിച്ചു വരികയാണ്, എന്നാൽ നിലവിൽ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തു തന്നെ കെട്ടിട നിർമ്മാണം നടത്തുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ടി സ്ഥലത്ത് മണ്ണ് പരിശോധന നടത്തുന്നതിനാണ് കരാറായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ